# മാനവശേഷി വികസനം ഇന്ത്യയിൽ SS2 - 3

**എന്താണ് മാനവ വിഭവം**
-ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.

**എന്താണ് മാനവവിഭവശേഷി വികസനം (എങ്ങനെയാണ് മാനവവിഭവശേഷി വികസിപ്പിക്കുക)?**
-വിദ്യാഭ്യാസം, അരാഗ്യപിപാലനം, പരിശീലനം, നൈപുണി വികസനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്നുപറയുന്നു.

**മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ**
-വ്യക്തികൾ സ്വ പരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു
-കുടുംബം വ്യതിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
-വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.
-രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

**മാനവ വിഭവത്തിന്റെ സവിശേഷതകൾ**
-ഗണപരം, -ഗുണപരം എന്നിങ്ങനെ മാനവിഭവത്തിന്റെ സവിശേഷതകളെ രണ്ടായി തിരിക്കാം.
**മാനവ വിഭവത്തിന്റെ ഗണപരമായ സവിശേഷതകൾ**
-ജനസംഖ്യാ വലുപ്പം
-ജനസാന്ദ്രത
-ജനസംഖ്യാ വളർച്ച
-ജനസംഖ്യാ ഘടന എന്നിവയാണ് മാനവവിഭവത്തിന്റെ ഗണപരമായ സവിശേഷതകൾ.

**ഗുണപരമായ സവിശേഷതകൾ**
വിദ്യാഭ്യാസം- സാക്ഷരതാ നിരക്ക്
ആരോഗ്യപരിപാലനം - ആയുർദൈർഘ്യം

**ജനസംഖ്യാ വലുപ്പം**
-ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്തു താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണത്തെയാണ് ആരാജ്യത്തെ ജനസംഖ്യാ വലുപ്പം എന്നു പറയുന്നത്.

**എന്താണ് ജനസംഖ്യാശാസ്ത്രം?**
-ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ എന്നിവ വിശകലനം ചെയ്യുന്ന സാമൂഹ്യ ശാസ്ത്ര ശാഖയാണ് ജനസംഖ്യാശാസ്ത്രം.
**എന്താണ് ജനസംഖ്യ കണക്കെടുപ്പ് (കാനേഷുമാരി – സെൻസസ് )**
-ഒരോ നിശ്ചിത ഇടവേളകളിലും രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായം, ലിംഗം, സാമ്പത്തിക-സാമൂഹിക അവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച്, വിശകലനത്തിന് വിധേയമാക്കുന്ന പ്രവർത്തനമാണ് ജനസംഖ്യ കണക്കെടുപ്പ്(കാനേഷുമാരി - സെൻസസ് ).

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയിൽ ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ് ) പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമേത്?**

-പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആൻറ് സെൻസസ് കമ്മീഷണറുടെ ഓഫീസ് .

-ഇന്ത്യയിൽ 10 വർഷത്തിലൊരിക്കലാണ് ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നത്.

-അവസാനമായി സെൻസസ് നടന്നത് 2011 മാർച്ച് ഒന്നാം തീയതി അടിസ്ഥാനമാക്കിയാണ്.

-ഇതിൻ പ്രകാരം ഇന്ത്യയിൽ 121.02 കോടി ജനങ്ങളാണ് ഉള്ളത്.

-ഇതിൽ 58.65 കോടി സ്ത്രീകളും, 62.37 കോടി പുരുഷന്മാരുമാണ്.

**എന്തിനാണ് ജനസംഖ്യാ പഠനം നടത്തുന്നത്?**

-ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും, പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാനും.

-രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ.

-ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയാൻ.

-ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ

-സാമ്പത്തിക - സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കാൻ.

**ഐക്യരാഷ്ട്ര സഭയുടെ 2014 ലെ റിപ്പോർട്ട് പ്രകാരം ലോക ജനസംഖ്യയും ഇന്ത്യൻ ജനസംഖ്യയും താരതമ്യം.**

-ലോക ജനസംഖ്യ 724.4 കോടി.

-ലോക ജനസംഖ്യയിൽ ആറിൽ ഒരാൾ ഇന്ത്യാക്കാരനാണ്.

-ലോക ജനസംഖ്യയുടെ 17.5% ഇന്ത്യയിലാണ്.

-ലോകരാജ്യങ്ങളുടെ സ്ഥലവിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ 2.4% മാത്രമുള്ള ഇന്ത്യ ഏഴാം സ്ഥാനത്താണ്.

**മാനവ വിഭവശേഷി വികസിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിച്ച രാജ്യങ്ങൾക്ക് ഉദാഹരണം.**

-യു.എസ്.എ, ജപ്പാൻ, ചൈന.

**എന്നാണ് ജനസാന്ദ്രത?**

-ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത.

-ഇന്ത്യയിൽ ജനവാസം എല്ലായിടത്തും ഒരുപോലെയല്ല.

-വിവിധ സംസ്ഥാനങ്ങളിലെ ജനസാന്ദ്രത വ്യത്യസ്തമാണ്.

**ലോക ജനസംഖ്യാ ദിനം**

-ഐക്യരാഷ്ട്ര സഭയുടെ വികസന പരിപാടി (UNDP) യുടെ ആഹ്വാന മുസരിച്ച് 1989 മുതൽ ജൂലൈ 11 ലോക ജനസംഖ്യാ ദിനമായിആചരിച്ച വരുന്നു.

-1987 ജൂലൈ 11 ന് ലോക ജനസംഖ്യ 500 കോടി ആയതിനെ തുടർന്നാണ് ഈ ദിനം തിരഞ്ഞെടുത്തത്.

**വിദ്യാഭ്യാസം നൽകുന്നതിനായി രാജ്യത്ത് വിവിധ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**വിദ്യാഭ്യാസ അവകാശ നിയമം**

-വിദ്യാഭ്യാസം മൗലികാവകാശമാക്കുകയും 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസാക്കുകയും ചെയ്തു.

-എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യസം എന്ന ലക്ഷ്യം ഭരണഘടന RTE വഴി ഉറപ്പു നൽകുന്നു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഏവ?**

-പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്നു.

-വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.

-വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**എന്താണ് WHO വിന്റെ അഭിപ്രായത്തിൽ ആരോഗ്യം**

-ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം

**ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ?**

-തൊഴിൽ ദിനങ്ങളുടെ എണ്ണംവർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂടും.

-പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.

-ചികിത്സച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും.

-ഉൽപ്പാദന വർധവിലൂടെ സാമ്പത്തിക വികസനം സാധ്യമാക്കും.

**ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ ഏവ?**

-പോഷകാഹാര ലഭ്യത

-ശുദ്ധജല ലഭ്യത

-രോഗ പ്രതിരോധ സംവിധാനങ്ങൾ

-ശുചിത്വ പരിപാലനം

-ചികിത്സാ സൗകര്യങ്ങൾ

-വിശ്രമവും വിനോദവും

-ആരോഗ്യകരമായ പരിസ്ഥിതി

**ഇന്ത്യയിൽ ചികിത്സാരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏവ?**

-മെഡിക്കൽ കോളേജുകൾ.

-ജില്ലാ ആശുപത്രികൾ.

-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ.

-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ.

-ആരോഗ്യ ഉപകേന്ദ്രങ്ങൾ.

**ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏവ?**

**ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ** – ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നു.

**ദേശീയ നഗരാരോഗ്യ മിഷൻ** - 50000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ പ്രവർത്തിക്കുന്നു.

**ആയുർദൈർഘ്യം എന്നാൽ എന്ത്?**

ഒരു വ്യക്തി ശരാശരി എത്ര വയസു വരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം

**2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ ആയുർദൈർഘ്യം എത്ര?**

സ്ത്രീകൾ - 67. 7,

പുരുഷൻമാർ – 64.6,

ആകെ - 66.1

BIJU K, HSA SOCIAL SCIENCE, GHS TUVVUR